10301
13/8/15

# കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - ദിവസവേതനാടിസ്ഥാനത്തിൽ സാനിട്ടറി വർക്കറായി ജോലിനോക്കിവരുന്ന ശ്രീമതി. കെ. വസന്തയെ വനം വകുപ്പാസ്ഥാനത്ത് നിലവിൽ ഒഴിവുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ TA-6551/2012 (WP(C)36146/08) ൻ മേലുള്ള 21/01/2015-ലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

**സ.ഉ(എം.എസ്)** നം. 61/2015/വനം          തീയതി,തിരുവനന്തപുരം, 11/08/2015

---

പരാമർശം: 1.G.O(P)No.501/2005/Fin, dated 25/11/2005
2. G.O(P)No.61/2010/Fin dated 09/02/2010.
3. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ -ലെ TA-6551/2012 (WP(C)36146/08) നമ്പർ കേസിന്റെ 21/01/2015 ഉത്തരവ്.
4. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 09/06/2015-ലെ ഇ 2-33929/2008 നം.കത്ത്.

## ഉത്തരവ്

വനം വകുപ്പിൽ വനം വകുപ്പാസ്ഥാനത്ത് സാനിട്ടറി വർക്കറായി 1999 മുതൽ ജോലി നോക്കി വരുന്ന തന്നെ സ്ഥിരപ്പെടുത്തണമെന്നഭ്യർത്ഥിച്ച് ശ്രീമതി.വസന്ത ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ TA-6551/2012 (WP(C)36146/08) നമ്പർ കേസ് ഫയൽ ചെയ്യുകയും ടി കേസിൻമേൽ പരാമർശം 3 പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ നിലവിലുള്ള നിയമപ്രകാരം ശ്രീമതി.കെ.വസന്തയെ സ്ഥിരപ്പെടുത്തുന്ന വിഷയം സർക്കാർ പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിരുന്നു.

2) വനം വകുപ്പിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ സാനിട്ടറി വർക്കറായി ദിവസവേതനത്തിൽ 1999 മുതൽ ജോലി നോക്കിവരുന്ന ശ്രീമതി. കെ.വസന്ത ടി ഓഫീസിൽ സാനിട്ടറി ജോലികൾക്കു പുറമെ സ്വീപ്പിംഗ് ജോലി കൂടി ചെയ്തുവരികയും തുടർന്ന് ടി ഓഫീസ് വനം ആസ്ഥാനത്തേയ്ക്ക് മാറ്റിയപ്പോൾ 3/2008 വരെ സ്വീപ്പിംഗ്ജോലി ചെയ്തു വരികയും അതിനുശേഷം ദിവസക്കൂലി അടിസ്ഥാനത്തിൽ സാനിട്ടറി വർക്കറായി ജോലി ചെയ്തുവരുന്നതായും ആയതു പരിഗണിച്ച് വനം വകുപ്പാസ്ഥാനത്ത് പാർട്ട്ടൈം തസ്തികയിൽ ജോലി നോക്കിവന്നിരുന്ന ശ്രീമതി.സി.ലീല 30/04/2015-ന് സർവ്വീസിൽ നിന്ന് വിരമിച്ചത് മൂലം ഉണ്ടായ ഒഴിവിൽ ശ്രീമതി.കെ.വസന്തയെ 1999 മുതൽ 3/2008 വരെ സാനിട്ടറി ജോലികൾക്കു പുറമേ സ്വീപ്പിംഗ് ജോലിയും ചെയ്തുവരുന്നു എന്ന പരിഗണനയിൽ പരാമർശം 2-ലെ ഉത്തരവു പ്രകാരം ടിയാളെ 01/05/2015 മുതൽ സ്ഥിരപ്പെടുത്തണമെന്ന് പരാമർശം-4 പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിനോട് ശുപാർശ ചെയ്തു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, വനം വകുപ്പിൽ 1999 മുതൽ ദിവസവേതനത്തിൽ സാനിട്ടറി വർക്കറായി ജോലി നോക്കിവരുന്ന ശ്രീമതി.കെ.വസന്ത 2008 വരെ സ്വീപ്പിംഗ് ജോലി കൂടി ചെയ്തുവന്നിരുന്നു എന്നതു പരിഗണിച്ച് പരാമർശം-2 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലും മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് വനം വകുപ്പാസ്ഥാനത്ത് നിലവിൽ ഒഴിവുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉത്തരവു തീയതി മുതൽ സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

4) പരാമർശം 3 ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21/01/2015 ലെ വിധിന്യായം പാലിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**വി.സി. ജോസ്**
**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),
തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി),
തിരുവനന്തപുരം
ശ്രീമതി.കെ.വസന്ത,കൊട്ടാര വിള വീട്, കാവല്ലൂർ,
വട്ടിയൂർക്കാവ്.പി.ഒ,തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ് (E.No.71564/Exp.C3/32/15/Fin dated 25/07/2015)
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ